NATIONAL RURAL HEALTH MISSION
ആരോഗ്യകേരളം

# ആരോഗ്യകേരളം

വാർത്താപത്രിക

കേരള സർക്കാർ

www.arogyakeralam.gov.in    തിരുവനന്തപുരം    സെപ്റ്റംബർ 2010    ലക്കം 14    വാല്യം 1

## ദേശീയാംഗീകാരത്തിന്റെ നിറവിൽ 19 സർക്കാർ മെഡിക്കൽ ലാബുകൾ




അവശ്യ മാനദണ്ഡങ്ങൾ കൈവരിച്ച സംസ്ഥാനത്തെ 19 സർക്കാർ മെഡിക്കൽ ലാബുകൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ സർട്ടിഫിക്കറ്റ് ഓഫ് കംപ്ലയൻസ് അംഗീകാരം ലഭിച്ചു. ദേശീയ വാണിജ്യവ്യവസായമന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണസ്ഥാപനമായ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ സർട്ടിഫിക്കേഷൻ ഇന്ത്യയിൽ ആദ്യമായാണ് സർക്കാർ ലാബുകൾക്ക് ലഭിക്കുന്നത്. 2010 ആഗസ്റ്റ് 18–ാം തീയതി നടന്ന ചടങ്ങിൽ ആരോഗ്യ–സാമൂഹികക്ഷേമ വകുപ്പു മന്ത്രി പി.കെ. ശ്രീമതി ടീച്ചർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ആരോഗ്യ വകുപ്പു സെക്രട്ടറി ശ്രീ. മനോജ് ജോഷി ഐ.എ.എസ്, ആരോഗ്യകേരളം മിഷൻ ഡയറക്ടർ ഡോ. ദിനേശ് അറോറ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. നിശ്ചിത പരിശോധനകൾ ചെയ്യാനുള്ള ലാബുകളുടെ കാര്യക്ഷമത പുറമേ നിന്നു വിലയിരുത്തുക എന്നതാണ് ലാബ് അക്രഡിറ്റേഷന്റെ അടിസ്ഥാന തത്വം. കാര്യക്ഷമതയുള്ള ലാബുകൾക്ക് ഔദ്യോഗികാംഗീകാരം നൽകുന്നതിലൂടെ ഗുണഭോക്താക്കൾക്ക് ആവശ്യങ്ങൾക്കനുസൃതമായി വിശ്വാസ്യതയുള്ള പരിശോധന/സേവനങ്ങൾ ലഭിക്കുന്ന ലാബുകൾ കണ്ടെത്താൻ കഴിയും. ലാബ് അക്രഡിനറ്റേഷനിലൂടെ അംഗീകൃതലാബുകളിൽ നിന്നും ലഭിക്കുന്ന പരിശോധനാറിപ്പോർട്ടുകളുടെ ഗുണനിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിക്കുവാൻ ഇതു സഹായിക്കും. ചെറുതും വലുതും ഇടത്തരവുമായ 362 സർക്കാർ മെഡിക്കൽ ലാബുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ മിക്കവാറും സർക്കാർ ലാബുകളിൽ അവശ്യ മാനദണ്ഡങ്ങൾ പ്രകാരമുള്ള പരിശോധനകൾ നടക്കുന്നില്ല. ഇത്തരം ലാബുകൾക്ക് നിശ്ചിത അവശ്യമാനദണ്ഡങ്ങൾ ആവശ്യമാണ്.

ഈ പശ്ചാത്തലത്തിലാണ് സംസ്ഥാന സർക്കാർ 2008 ആഗസ്റ്റ് 30 ന് 362 ലാബുകളുടെ അക്രഡിറ്റേഷനു വേണ്ടി ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുമായി ധാരണാപത്രം ഒപ്പുവച്ചത്.

അക്രഡിറ്റേഷന്റെ വിവിധ ഘട്ടങ്ങൾ ലാബുകളുടെ നിലവിലുള്ള സേവനനിലവാരം മനസ്സിലാക്കുവാനും നിലവാരസൂചികകളുടെ അടിസ്ഥാനനിലവാരം നിർണ്ണയിക്കുവാനും സഹായിക്കും. ഇതിലൂടെ ആവശ്യങ്ങൾക്ക് അനുസൃതമായ മാറ്റങ്ങൾ നിർദ്ദേശിക്കുവാനും കഴിയും. അക്രഡിറ്റേഷന്റെ ഭാഗമായി

(ശേഷം രണ്ടാം പേജിൽ)

## കുട്ടനാടിന് അനുഗ്രഹമായി ഫ്ളോട്ടിങ് ഡിസ്പെൻസറി

ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിലൂടെ ജില്ലയിലെ ആരോഗ്യമേഖലയിൽ നടത്തിവരുന്ന വിവിധ പദ്ധതികളിൽ ഏറ്റവും ശ്രദ്ധേയമായ സംരംഭമാണ് ഫ്ളോട്ടിങ് ഡിസ്പെൻസറി. കിഴക്കിന്റെ വെനീസ് എന്നറിയപ്പെടുന്ന ആലപ്പുഴയിലെ വ്യത്യസ്തവും സവിശേഷവുമായ ഭൂപ്രകൃതിയുള്ള കുട്ടനാടിന്റെ ആരോഗ്യപ്രശ്നങ്ങൾ മുന്നിൽ കണ്ടാണ് 2010 ജൂലായി മാസത്തിൽ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം ആലപ്പുഴജില്ലയിൽ ഫ്ളോട്ടിങ് ഡിസ്പെൻസറി ആരംഭിച്ചത്.




ബോട്ടുജെട്ടികൾ കേന്ദ്രീകരിച്ചാണ് ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നത്. രണ്ട് ഡോക്ടർമാരും രണ്ട് സ്റ്റാഫ് നേഴ്സുമാരും ഒരു ഫാർമസിസ്റ്റും അടങ്ങുന്ന ടീം എല്ലാ ദിവസവും മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന ജെട്ടികളിലെത്തി രോഗികളെ പരിശോധിക്കുന്നു. പുളിങ്കുന്ന്, രാമങ്കരി, ചെമ്പുംപുറം, ചമ്പക്കുളം, എടത്വ, തകഴി തുടങ്ങി 12 പഞ്ചായത്തുകളിൽ ഇതിന്റെ സേവനം ലഭ്യമാണ്.

കരമാർഗ്ഗമുള്ള യാത്രാസൗകര്യം കുറവായ കുട്ടനാട്ടിലെ ജനങ്ങൾക്ക്, പ്രത്യേകിച്ചും വൃദ്ധർക്ക്, അവരവരുടെ പ്രദേശങ്ങളിൽ തന്നെ വൈദ്യസഹായം എത്തിക്കാൻ ഈ പദ്ധതിയിലൂടെ കഴിയുന്നു. അതാത് പ്രദേശത്തെ 'ആശമാർ' ഈ ഡിസ്പെൻസറിയുടെ സുഗമമായ പ്രവർത്തനത്തിന് നല്ലൊരു പങ്ക് വഹിക്കുന്നു. ആശമാർ ഫ്ളോട്ടിങ് ഡിസ്പെൻസറി എത്തുന്ന വിവരം മുൻകൂട്ടി ജനങ്ങളെ അറിയിക്കും. പത്രങ്ങളിലൂടെയും ബോട്ട് എത്തുന്ന സ്ഥലങ്ങൾ ജനങ്ങളെ അറിയിക്കുന്നുണ്ട്. കഴിഞ്ഞ ഒരു വർഷം 20,000 രോഗികൾക്ക് ഈ ഡിസ്പെൻസറിയിലൂടെ വൈദ്യസഹായം നൽകി.

(ഒന്നാം പേജിന്റെ തുടർച്ച)

ലാബ് ടെക്നീഷ്യന്മാർക്കും ലാബിന്റെ ചുമതല നിർവ്വഹിക്കുന്ന മെഡിക്കൽ ഓഫീസർമാർക്കും ജില്ലാതലത്തിൽ പരിശീലനം നൽകി. ലാബറട്ടറികൾക്ക് ക്വാളിറ്റി, സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്, സാമ്പിൾ കളക്ഷൻ എന്നിവയ്ക്കായുള്ള മാനുവൽ ഉണ്ടാക്കുകയും ഇതു പ്രകാരം പരിശോധനകളും മറ്റു നടപടിക്രമങ്ങളും നടപ്പിലാക്കുകയും ചെയ്യുന്നു. ഗുണനിലവാര പരിശോധനയ്ക്കായുള്ള സംവിധാനവും ലാബറട്ടറികളിൽ നടപ്പിലാക്കിയിട്ടുണ്ട്. ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ പരിശോധകർ ലാബറട്ടറികളുടെ ഗുണനിലവാരം വിലയിരുത്തുകയും, ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള നിർദ്ദേശം നൽകുകയും ചെയ്തു. ഈ നിർദ്ദേശങ്ങൾ പാലിച്ച 19 ലാബറട്ടറികൾക്കാണ് സർട്ടിഫിക്കറ്റുകൾ ലഭിച്ചത്.

1. മോഡേൺ മെഡിക്കൽ ലാബറട്ടറി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ സുൽത്താൻബത്തേരി
2. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, കോതമംഗലം
3. റീജണൽ ഡയഗണോസ്റ്റിക് സെന്റർ, ജനറൽ ഹോസ്പിറ്റൽ, എറണാകുളം
4. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട്
5. ജില്ലാ ടി.ബി. സെന്റർ, മഞ്ചേരി
6. മെഡിക്കൽ ലാബറട്ടറി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, മാവേലിക്കര
7. മെഡിക്കൽ ലാബറട്ടറി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ചാവക്കാട്
8. മെഡിക്കൽ ലാബറട്ടറി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ചേർത്തല
9. മെഡിക്കൽ ലാബറട്ടറി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, തൃപ്പൂണ്ണിത്തുറ
10. മെഡിക്കൽ ലാബറട്ടറി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ഹരിപ്പാട്
11. മെഡിക്കൽ ലാബറട്ടറി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ചെങ്ങന്നൂർ
12. മെഡിക്കൽ ലാബറട്ടറി, സാമൂഹികാരോഗ്യകേന്ദ്രം, തലക്കുളത്തൂർ, കോഴിക്കോട്
13. ക്ലീനിക്കൽ ലാബറട്ടറി, ജനറൽ ഹോസ്പിറ്റൽ, എറണാകുളം
14. മെഡിക്കൽ ലാബറട്ടറി, സാമൂഹികാരോഗ്യകേന്ദ്രം, നരിക്കുനി, കോഴിക്കോട്
15. മെഡിക്കൽ ലാബറട്ടറി, സാമൂഹികാരോഗ്യകേന്ദ്രം, ചെറുവാടി, കോഴിക്കോട്
16. മെഡിക്കൽ ലാബറട്ടറി, സാമൂഹികാരോഗ്യകേന്ദ്രം, പേരാമ്പ്ര, കോഴിക്കോട്
17. മെഡിക്കൽ ലാബറട്ടറി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, കൊയിലാണ്ടി
18. മെഡിക്കൽ ലാബറട്ടറി, സാമൂഹികാരോഗ്യകേന്ദ്രം, വളയം, കോഴിക്കോട്
19. മെഡിക്കൽ ലാബറട്ടറി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തിരുവനന്തപുരം

## വരണ്ടദിനം: തെരുവു നാടകം

ആരോഗ്യബോധവത്ക്കരണ രംഗത്ത് വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് തൃശ്ശൂർജില്ലയിലെ കയ്പമംഗലം G.F.V.HSS ലെ കുട്ടികളുടെ നാടകവേദിയും ഹെൽത്ത് ക്ലബ്ബും സംയുക്തമായി പ്രതീക്ഷാ കലാസാംസ്കാരികവേദിയുടെ സാമ്പത്തികസഹായത്തോടെ 'വരണ്ടദിനം' എന്ന പേരിൽ അവതരിപ്പിച്ച തെരവുനാടകം ശ്രദ്ധേയമായി. മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തും പരിസരപ്രദേശങ്ങളായ കൊടുങ്ങല്ലൂർ, എടവിലങ്ങ്, മേത്തല തുടങ്ങിയ പ്രദേശങ്ങളിലെ വിവിധ സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും തെരുവുനാടകം അവതരിപ്പിച്ചു. കൊതുകുജന്യ രോഗങ്ങളായ ചിക്കുൻഗുനിയ, ഡെങ്കിപ്പനി, മലമ്പനി തുടങ്ങിയവയും, എലിപ്പനി, എച്ച്1 എൻ1 എന്നീ അസുഖങ്ങളുടെയും രോഗപ്പകർച്ചയെക്കുറിച്ചും പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും പൊതുജനാരോഗ്യനിയമം നടപ്പിലാക്കുന്നതു സംബന്ധിച്ചും ജനങ്ങൾക്ക് ബോധവത്ക്കരണം നൽകുന്ന തരത്തിൽ തികച്ചും ലാളിത്യത്തോടും തൻമയത്വത്തോടും തയ്യാറാക്കിയ തെരുവുനാടകം ഇതിനോടകം 35 ഓളം വേദികളിൽ അവതരിപ്പിച്ചു കഴിഞ്ഞു.



## ഇടുക്കി ജില്ലയിൽ 12 കോടി രൂപയുടെ വികസനപദ്ധതികൾ



ജില്ലയിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യ വികസനത്തിനായി 12 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നു.

അടിമാലി താലൂക്കാശുപത്രിയിൽ പുതിയ ബ്ലോക്കിനും ട്രോമാ കെയർ യൂണിറ്റിനും 2.05 കോടി രൂപ, പേവാർഡിന് 50 ലക്ഷം രൂപ, പീരുമേട് താലൂക്കാശുപത്രിക്ക് ഒരു കോടി രൂപ, ഇടുക്കി ജില്ലാ ആശുപത്രിയിൽ പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപ, പാറേമാവ് ജില്ലാ ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി മൂന്നു കോടി രൂപ, പുറപ്പുഴ സാമൂഹികാരോഗ്യ കേന്ദ്രത്തിന് 52 ലക്ഷം രൂപ, അറക്കുളം പ്രാഥമികാരോഗ്യകേന്ദ്രം 24 മണിക്കൂറും പ്രവർത്തിക്കുന്ന സാഹചര്യത്തിൽ പുതിയ കെട്ടിടത്തിനായി 45.1 ലക്ഷം രൂപ, കട്ടപ്പന സാമൂഹികാരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടം പണിയുന്നതിന് ഒരു കോടി രൂപ, ഏലപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കെട്ടിടം പണിയുന്നതിനായി 52 ലക്ഷം രൂപ എന്നിങ്ങനെയാണ് അനുവദിച്ചത്. ഈ പദ്ധതികൾ പൂർത്തിയാകുന്നതോടെ ജില്ലയിലെ ഭൗതികസാഹചര്യങ്ങളുടെ പോരായ്മകൾക്ക് ഒരു പരിധി വരെ ശമനമാകും.

## മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുന്നതിനായി 'ലക്കി ഡ്രോ'



ഈ വർഷത്തെ മുലയൂട്ടൽ വാരാചരണ പരിപാടികളുടെ സമാപനത്തോടനുബന്ധിച്ച് നടത്തിയ 'ലക്കി ഡ്രോ' ശ്രദ്ധേയമായി. എറണാകുളം കുന്നത്തുനാട് നിയോജക മണ്ഡലം മെഗാ ആരോഗ്യമേളയോടനുബന്ധിച്ച് ആഗസ്റ്റ് 8 ാം തീയതി കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിലാണ് 'ലക്കി ഡ്രോ' നടത്തിയത്. മുലയൂട്ടലിന്റെ പ്രാധാന്യം സംബന്ധിച്ച 5 ചോദ്യങ്ങൾ അടങ്ങിയ കൂപ്പൺ പ്രത്യേകം സജ്ജീകരിച്ച ബൂത്തിൽ നിന്ന് രാവിലെ 10 മണി മുതൽ വിതരണം ചെയ്തിരുന്നു. 750 ഓളം ആളുകൾ പങ്കെടുത്ത പരിപാടിയിൽ പൂർണ്ണമായും ശരിയുത്തരങ്ങൾ നൽകിയ 523 ആളുകളെ 'ലക്കി ഡ്രോ' യിൽ പങ്കെടുപ്പിച്ചു. വടവുകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. എം. എൻ. മണി ടീച്ചറാണ് വിജയികളെ തെരഞ്ഞെടുത്തത്. ആരോഗ്യമേള ജനറൽ കൺവീനറും വടവുകോട് ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനുമായ ശ്രീ. നിസാർ ഇബ്രാഹിം വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

ആശാ പ്രവർത്തകർ ബൂത്തിന്റെ പ്രവർത്തനം നിയന്ത്രിച്ചു. ആരോഗ്യകേരളം ന്യൂട്രീഷ്യൻ കൺസൽട്ടന്റ് ശ്രീമതി. മുംതാസ് ഖാലിദ് ഇസ്മയിൽ ചോദ്യങ്ങളുടെ ശരിയുത്തരങ്ങൾ ആളുകളെ ബോധ്യപ്പെടുത്തിയതിനൊപ്പം നടത്തിയ ബോധവത്ക്കരണപ്രഭാഷണവും ശ്രദ്ധേയമായി.

# ആരോഗ്യ വിജ്ഞാനം കാക്കാരിശ്ശിയിലൂടെ




തന്നന്നം താനന്നം തന്നാനെ താന
താനന്ന താനന്ന തന്നാനൈ
മാലിന്യക്കൂമ്പാരത്തോടൊപ്പം വന്നല്ലോ
മാരകമായ രോഗങ്ങളേറെ
മാറ്റി മിറച്ചീടും മാനവരെത്തന്നെ
മാറിയില്ലെങ്കിൽ നാം മാലോകരെ..

കാക്കാനും കാക്കാത്തിയും ചുവടുവെച്ച് പ്രവേശിച്ചപ്പോൾ പ്രേക്ഷകരുടെ കണ്ണുകളിൽ കൗതുകം. ഇരുവരുടെയും, തമ്പ്രാനുമായുള്ള സംഭാഷണങ്ങളിൽ നർമ്മോക്തികളോടൊപ്പം ആരോഗ്യസന്ദേശങ്ങളും കടന്നു വന്നു. കാക്കാത്തിമാരുടെ തിരുവാതിരക്കളിയിലും, നൃത്തങ്ങളിലും കൊതുകു നിയന്ത്രണത്തിന്റെ പ്രാധാന്യവും പരിസര ശുചിത്വത്തിന്റെ ആവശ്യകതയും അനാവൃതമായി. സ്ത്രീകളും, കുട്ടികളും, സാധാരണക്കാരായ ഗ്രാമീണരുമടങ്ങിയ കാഴ്ചക്കാർക്ക് നവ്യാനുഭവമായി.

പത്തനംതിട്ട ജില്ലയിലാണ് കൊതുകുജന്യരോഗങ്ങൾക്കെതിരെയുള്ള ബോധവത്ക്കരണത്തിനായി നാടൻ കലാരൂപമായ കാക്കാരിശ്ശിനാടകത്തെ അവലംബമാക്കിയത്. ജില്ലയിൽ ഏറ്റവുമധികം ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ട കൂടൽ, ഏനാദിമംഗലം, ചന്ദനപ്പള്ളി, ഓമല്ലൂർ, ചെന്നീർക്കര, കോയിപ്രം പഞ്ചായത്തുകളിലും, അടൂർ മുനിസിപ്പാലിറ്റി പ്രദേശങ്ങളിലുമാണ് ഈ കലാരൂപം അവതരിപ്പിച്ചത്.

കാക്കാരിശ്ശിനാടകത്തിന്റെ ശില്പഘടനയും, കലാഭംഗിയും നിലനിർത്തി ആരോഗ്യ സന്ദേശങ്ങൾ വിളക്കിച്ചേർത്ത് ആശയാവിഷ്കാരം നടത്തിയത് ചന്ദനപ്പള്ളി പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. ആർ. ദിനേശ്കുമാറാണ്. ഐരൂർ പുതിയകാവ് ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ അദ്ധ്യാപകനായ എം.എസ്. മധു നാടകരൂപാന്തരം നടത്തി. കാക്കാരിശ്ശി നാടകകലാകാരനായ ശ്രീ. എം. ആർ. സി. നായർ സംവിധാനം നിർവ്വഹിച്ചു; കാക്കാനായി അഭിനയിക്കുകയും ചെയ്തു. ആശാ പ്രവർത്തകരായ ശ്രീമതി. ഷൈനി തോമസ്, ശ്രീമതി. അംബികാ രാജൻ എന്നിവർ കാക്കാത്തിമാരായി വേഷമിട്ടു. പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസിലെ ഡെപ്യൂട്ടി മാസ് മീഡിയ ഓഫീസർമാരായ ശ്രീ. എ. സുനിൽകുമാർ, ശ്രീ. റ്റി. കെ. അശോക് കുമാർ എന്നിവർ പരിപാടികളുടെ സംഘാടനം നിർവ്വഹിച്ചു.

# ഡെങ്കു ഫ്രീ ഹോം, ഡെങ്കു ഫ്രീ ക്യാമ്പസ്–
## ഡെങ്കുനിർമ്മാർജ്ജന ത്രീവ്രയജ്ഞം തിരുവനന്തപുരം കോർപ്പറേഷനിൽ




കേരളമൊട്ടാകെ പടർന്നുപിടിച്ചു കൊണ്ടിരിക്കുന്ന ഡെങ്കിപ്പനി, മലേറിയ തുടങ്ങിയ കൊതുകജന്യരോഗങ്ങൾ ജനപങ്കാളിത്തത്തോടു കൂടി തടയുന്നതിന് ആരോഗ്യവകുപ്പ്, ആരോഗ്യകേരളം, തിരുവനന്തപുരം നഗരസഭ, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിയ " ഡെങ്കുഫ്രീ ഹോം, ഡെങ്കുഫ്രീ ക്യാമ്പസ്" പരിപാടി വിജയകരമായി പൂർത്തിയായി. ആഗസ്റ്റ് മാസം 1–ാം തീയതി മുതൽ 15–ാം തീയതി വരെ തിരുവനന്തപുരം നഗരസഭയിലെ ചേരികൾ, കോളനികൾ, സ്കൂളുകൾ, സർക്കാർ–സർക്കാരിതര സ്ഥാപനങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് 20 പ്രവർത്തന പ്രദേശങ്ങളായി വിഭജിച്ചായിരുന്നു കർമ്മപദ്ധതി.

1000 ആശാപ്രവർത്തകർ 186 ചേരികളിലും/കോളനികളിലും 60000 സ്കൂൾ കുട്ടികൾ അവരുടെ വീടുകൾ ഉൾപ്പെടെ 5 വീടുകളിലും മൂന്ന് ഘട്ടങ്ങളിലായി കൊതുകിന്റെ കൂത്താടി വളരുന്ന സാഹചര്യം ഉണ്ടോയെന്ന് പരിശോധിക്കുകയും കണ്ടെത്തിയ ഉറവിടങ്ങൾ വീട്ടുകാരുടെ സഹായത്തോടെ നശിപ്പിക്കുകയും ചെയ്തു. ആശാപ്രവർത്തകരും സ്കൂൾകുട്ടികളും ചേർന്ന് 20 പ്രവർത്തനപ്രദേശങ്ങളിലായി 40,26,715 ഉറവിടങ്ങൾ കണ്ടെത്തുകയും അതിൽ 3,84,236 എണ്ണം നശിപ്പിക്കുകയും ചെയ്തു.

ഇതിന്റെ ഭാഗമായി തെരെഞ്ഞെടുത്ത 16 സ്ഥലങ്ങളിൽ പനിചികിത്സാ ക്ലീനിക്കുകൾ 3 ഘട്ടങ്ങളിലായി സംഘടിപ്പിക്കുകയും 1363 പേർക്ക് സേവനം ലഭ്യമാക്കുകയും ചെയ്തു. പരിശോധനയ്ക്ക് വിധേയരായ 286 രോഗികളിൽ 3 പേർക്ക് എച്ച്1 എൻ1 സ്ഥിരീകരിക്കുകയും വിദഗ്ദ്ധ ചികിത്സയ്ക്ക് നിർദ്ദേശിക്കുകയും ചെയ്തു. കൂടാതെ പ്രശ്നബാധിത പ്രദേശങ്ങളിൽ സ്പ്രേയിങ്ങും ഫോഗിങ്ങും നടത്തി. പൊതുജനങ്ങൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ബോധവത്കരണ പരിപാടിയുടെ ഭാഗമായി മാജിക് ഷോ, ക്ലാസ്സുകൾ, വാഹന പ്രചാരണം തുടങ്ങിയവ സംഘടിപ്പിച്ചു.

# ആശാപ്രവർത്തകർക്ക് ഓണക്കാല ഉത്സവബത്ത

ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിനു കീഴിൽ പ്രവർത്തിക്കുന്ന ആശ പ്രവർത്തകർക്ക് കേരള സർക്കാർ ഇതാദ്യമായി ഓണക്കാല ഉത്സവബത്ത നൽകി. ഉത്സവബത്ത വിതരണോത്ഘാടനം തിരുവനന്തപുരം ജില്ലയിലെ 3320 ആശമാർക്ക് നൽകിക്കൊണ്ട് 21–ാം തീയതി ബഹു. ആരോഗ്യ–സാമൂഹികക്ഷേമ വകുപ്പു മന്ത്രി ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ തൈക്കാട് സ്റ്റേറ്റ് ഹെൽത്ത് & ഫാമിലി വെൽഫെയർ ട്രെയിനിങ് സെന്ററിൽ വച്ച് നിർവ്വഹിച്ചു. ശ്രീ. ശിവൻകുട്ടി എം.എൽ.എ. അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ആരോഗ്യവകുപ്പു സെക്രട്ടറി ശ്രീ. മനോജ് ജോഷി, ആരോഗ്യകേരളം മിഷൻ ഡയറക്ടർ ഡോ. ദിനേശ് അറോറ ഐ.എ.എസ്., തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ശ്രീധർ, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സുനിൽകുമാർ എന്നിവർ പങ്കെടുത്തു.



ആരോഗ്യകേരളം
വാർത്താപത്രിക
FOR PRIVATE CIRCULATION ONLY

# ആരോഗ്യ–പോഷക പരിപൂർണ്ണതയിലേക്ക് ഒരു കാൽവെയ്പ്പ്

ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ മാതൃ–ശിശു ആരോഗ്യസംരക്ഷണത്തിനായി ആരോഗ്യവകുപ്പും, അമ്മമാരുടെയും കുട്ടികളുടെയും സമഗ്രവികസനത്തിനായി സാമൂഹികക്ഷേമ വകുപ്പും (ഐ.സി.ഡി.എസ്) നടത്തിവരുന്ന വിവിധ സേവനങ്ങളെ ഏകോപിപ്പിച്ചുകൊ ണ്ട് ഒരു നൂതന സംരംഭം തിരുവനന്തപുരം കുന്നത്തുകാൽ പഞ്ചായത്തിൽ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ഈ സംരംഭത്തിൽ യൂണിസെഫ് , ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ശിശുരോഗ വിഭാഗം എന്നിവർ പങ്കാളികളാണ്

**പത്തിന പരിപാടികൾ**

1. കുട്ടികളുടെ ആരോഗ്യപരിപാലനവും പോഷക ലഭ്യതയും ഉറപ്പാക്കൽ
2. ക്രമമായ പ്രതിരോധ ചികിത്സ ഉറപ്പാക്കൽ
3. അംഗനവാടികളുടെ ഗുണനിലവാര നിർണ്ണയവും അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തലും
4. ആരോഗ്യപ്രവർത്തകർ, ഐ.സി.ഡി.എസ് പ്രവർത്തകർ, ആശമാർ, നീലപ്പട എന്നിവരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ
5. സ്കൂൾ കുട്ടികളിൽ അയഡിന്റെ അഭാവ നിർണ്ണയവും തന്മൂലമുള്ള തൊമുഴയും (ഗോയിറ്റർ) മറ്റു വൈകല്യങ്ങളും കണ്ടെത്തലും ബോധവത്ക്കരണവും
6. കുടുംബഘടന, ആരോഗ്യപോഷക നിലവാരം, രോഗാതുരത എന്നിവ വിലയിരുത്തുന്ന അടിസ്ഥാന കുടുംബ സർവെ
7. വാർഡുതല ആരോഗ്യ പോഷക ദിനങ്ങൾ കാര്യക്ഷമമാക്കലും സേവനം ഉറപ്പാക്കലും
8. സർവെ കണ്ടെത്തലുകൾ അടിസ്ഥാനപ്പെടുത്തിയുള്ള ബോധവത്ക്കരണ/പെരുമാറ്റ വ്യതിയാന ആശയവിനിമയം
9 പഞ്ചായത്തിന്റെ സഹകരണത്തോടെ അംഗനവാടികളിൽശുദ്ധജലലഭ്യതയുംശിശുസൗഹൃദ ടോയിലറ്റുകൾ, അത്യാധുനിക പഠനോപാധികൾ, പരിസരശുചിത്വം എന്നിവ ഉറപ്പാക്കി അതിലൂടെ അംഗനവാടികളെ മാതൃകാ സ്ഥാപനങ്ങളായി മാറ്റുക.
10. പൊതുജന പങ്കാളിത്തം ഉറപ്പാക്കുക.

## മുഹമ്മ സാമൂഹികാരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടം

സാസാമൂഹികാരോഗ്യകേന്ദ്രങ്ങളെ ദേശീയപൊതുജനാരോഗ്യനിലവാരത്തിലേക്കുയർത്തുന്നതിന്റെ ഭാഗമായി മുഹമ്മ സാമൂഹികാരോഗ്യകേന്ദ്രത്തിൽ നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ആർ. നാസർ നിർവ്വഹിച്ചു. പുതിയ കെട്ടിടത്തിൽ ഒ.പി. ബ്ലോക്ക്, ഒബ്സർവേഷൻ റൂം, ഇൻജക്ഷൻ റൂം, ഫാർമസി വിഭാഗം തുടങ്ങിയ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. മുഹമ്മ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ജലജ ചന്ദ്രൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി. ഭാസ്കരൻ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. സിറാബുദ്ദീൻ, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എൽ. മനോജ് തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

## ഉറവിട നിരീക്ഷണ യാത്ര

കൊതുകുജന്യരോഗങ്ങൾക്കെതിരെ കാസർകോട് ജില്ലയിലെ ചിറ്റാരിക്കൽ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഉറവിട നശീകരണയാത്രയും ബോധവത്ക്കരണ പ്രദർശനവും സംഘടിപ്പിച്ചു. തോമാപുരം സെന്റ് തോമസ് എൽ.പി. സ്കൂളിലെ 850 വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും, ആരോഗ്യ പ്രവർത്തകരുടെയും നേതൃത്വത്തിലാണ് ഉറവിടനിരീക്ഷയാത്ര നടത്തിയത്. ചിറ്റാരിക്കൽ ടൗണിലെ വീടുകളും, കടകളും സ്ഥാപനങ്ങളും നിരീക്ഷിച്ച് ഉറവിട നശീകരണം നടത്തുകയും നിരീക്ഷണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. വിദ്യാർത്ഥികൾക്കായി കൊതുകുജന്യ രോഗങ്ങളും ഉറവിട നശീകരണവും സംബന്ധിച്ച് എക്സിബിഷനും, ഉപന്യാസ മത്സരവും സംഘടിപ്പിച്ചു. വിജയികൾക്ക് സമ്മാനവിതരണം നടത്തി. പ്ലക്കാർഡുകളും, എൻ.സി.സി., എൻ.എസ്.എസ്. വോളന്റിയേഴ്സിന്റെ ബാന്റ് മേളവും ഉറവിട നിരീക്ഷണ യാത്രക്ക് കൊഴുപ്പേകി.




## സി–മെറ്റ് നെഴ്സിങ് കൊളേജ് കെട്ടിട ശിലാസ്ഥാപനം



കേരള സർക്കാർ സ്വയംഭരണസ്ഥാപനമായ സി–മെറ്റ് നെഴ്സിങ് കൊളേജിന്റെ പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം കാസർഗോഡ് ജില്ലയിലെ പെരിയ ആയമ്പാറയിൽ ജൂലായ് 31 ന് രാവിലെ 10 മണിക്ക് ബഹു. ആരോഗ്യ സാമൂഹിക ക്ഷേമ വകുപ്പു മന്ത്രി ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ നിർവ്വഹിച്ചു. പുല്ലൂർ–പെരിയ പഞ്ചായത്തിലെ ആയമ്പാറയിൽ ഏഴര ഏക്കർ സ്ഥലത്ത് 8 കോടി രൂപ ചെലവിലാണ് കോളേജിനും ഹോസ്റ്റലിനും കെട്ടിടം പണിയുന്നത്. പരിപാടിയിൽ ശ്രീ. കെ. വി. കുഞ്ഞിരാമൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു.

## കണ്ണൂർ: സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പുതിയ ഐ. പി. ബ്ലോക്കും ഓപ്പറേഷൻ തീയേറ്ററും

ഉത്തരകേരളത്തിന്റെ ആരോഗ്യഭൂപടത്തിൽ വികസനത്തിന്റെ ഏടുകൾ തീർത്തുകൊണ്ട് കണ്ണൂർ ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഓപ്പറേഷൻ തീയേറ്ററും പുതിയ ഐ. പി. ബ്ലോക്കും. പതിറ്റാണ്ടുകളോളം നീണ്ട കാത്തിരിപ്പിനൊടുവിൽ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിനുകീഴിൽ 3 കോടിരൂപ ചെലവഴിച്ചാണ് ആശുപത്രിയുടെ നിർമ്മാണം പൂർത്തീകരിച്ചത്. ഐ.പി. ബ്ലോക്കിന്റെയും ആധുനിക സംവിധാനങ്ങളോടു കൂടിയ ഓപ്പറേഷൻ തീയേറ്ററിന്റെയും ഉദ്ഘാടനം ആരോഗ്യ–സാമൂഹികക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി. പി.കെ. ശ്രീമതി ടീച്ചറുടെ അദ്ധ്യക്ഷതയിൽ ആഭ്യന്തര–ടൂറിസം വകുപ്പു മന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ നിർവ്വഹിച്ചു. കണ്ണൂർ–കാസർകോട് ജില്ലകളുടെ ആരോഗ്യ രംഗത്ത് പുതിയ കാൽവെയ്പ്പാണ് ഇ. കെ. നായനാർ മെമ്മോറിയൽ സ്ത്രീകളുടെയും കുട്ടികളുടെയും ഗവൺമെന്റ് ആശുപത്രിയിലെ പുതിയ സൗകര്യങ്ങളുടെ ഉദ്ഘാടനത്തോടെ സാക്ഷാത്കരിച്ചത്.



www.designpepper.in

NRHM Monthly Newsletter published by State Mission Director, National Rural Health Mission, 'Arogyakeralam', Directorate of Health Services
General Hospital Jn., Thiruvananthapuram 695 035, Tel: 0471-2302784, Telefax: 91-471-2301181, www.arogyakeralam.gov.in
ആരോഗ്യകേരളം